**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3039** **25-10-2021 - ൽ മറുപടിയ്ക്ക്**

**പാലാ മണ്ഡലത്തിലെ റോഡ് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മാണി. സി. കാപ്പൻ** | | **Shri P. A. Mohamed Riyas**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | പാലാ മണ്ഡലത്തിലെ ചെർപ്പുങ്കൽ മുത്തോലി ഭരണങ്ങാനം റോഡിന് ഫണ്ട് അനുവദിച്ചിട്ടും റോഡിന്റെ നവീകരണം വർഷങ്ങളായി നടപ്പിലാക്കാൻ സാധിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പാലാ മണ്ഡലത്തിലെ ചെർപ്പുങ്കൽ ഭരണങ്ങാനം പാരലൽ റോഡിനായി മുത്തോലി ഭരണങ്ങാനം റോഡ് എന്ന പേരിൽ 10 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിൽ തയ്യാറാക്കിവരുന്നു. പ്രവൃത്തിയുടെ അലൈൻമെന്റിന്റെ ഫീസിബിലിറ്റി റിപ്പോർട്ട് പരിശോധിച്ച് സമർപ്പിക്കുന്നതിന് കേരള റോഡ് ഫണ്ട് ബോർഡ് പ്രൊജക്റ്റ് മാനേജ്മെന്റ് യൂണിറ്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ഡിസൈൻ വിഭാഗത്തിൽ സമർപ്പിച്ച് ഡി.പി.ആർ ലഭ്യമാക്കി സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ സമർപ്പിക്കുന്നതാണ്. |
| (ബി) | പ്രസ്തുത റോഡിന്റെ നിലവിലെ അവസ്ഥ വിശദമാക്കാമോ; പ്രസ്തുത റോഡുമായി ബന്ധപ്പെട്ട പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | നിലവിൽ ഈ റോഡ് ഗതാഗതയോഗ്യമാണ്. പ്രസ്തുത റോഡുമായി ബന്ധപ്പെട്ട പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ